# കേരള സർവകലാശാല

നം. പി.ആർ.111/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സെനറ്റ്/ സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പ് ഒമ്പതിന്

കേരള സർവകലാശാല സെനറ്റിലേയ്ക്കും സ്റ്റുഡന്റ്സ് കൗൺസിലിലേയ്ക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും, കേരള സർവകലാശാല യൂണിയൻ ഭാരവാഹികളുടേയും തിരഞ്ഞെടുപ്പ് ജൂൺ ഒമ്പതിന് സർവകലാശാല ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഈ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട നാമനിർദ്ദേശ പത്രികകൾ മെയ് 30-ന് 2 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഈ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ സർവകലാശാല ഓഫീസിൽ മെയ് 23-ന് പ്രസിദ്ധീകരിക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനങ്ങളുടെ പൂർണ്ണ രൂപം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഗസ്റ്റ് ലക്ചറർ ഒഴിവ്

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ ബോട്ടണി വിഭാഗത്തിലെ പി.ജി ഡിപ്ലോമ ഇൻ ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ എന്ന കോഴ്സിലേയ്ക്ക് സുവോളജി പഠിപ്പിക്കുവാൻ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. യോഗ്യത എം.എസ് സി സുവോളജിയുടെ കൂടെ നെറ്റ് അല്ലെങ്കിൽ യു.ജി.സി പരീക്ഷ പാസ്സായിരിക്കണം. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സഹിതം മെയ് 31-നകം വകുപ്പ് മേധാവിയുടെ പേർക്ക് അയ്ക്കണം. അയയ്ക്കേണ്ട വിലാസം വകുപ്പ് മേധാവി, ബോട്ടണി വിഭാഗം, കേരള സർവകലാശാല, കാര്യവട്ടം – 695581.

### ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം ഡോ. സന്ധ്യ.എ.എസ്-ന്

മലയാളത്തിലെ ഏറ്റവും നല്ല ഗവേഷണപ്രബന്ധത്തിന് കേരള സർവകലാശാല അമേരിക്ക മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനയുമായി ചേർന്ന് നൽകുന്ന ‘ഭാഷയ്ക്കൊരുഡോളർ’ (2015) പുരസ്കാരത്തിന് ഡോ.സന്ധ്യ.എ.എസ് അർഹയായി. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. പുരസ്കാരത്തിന് അർഹമായ പ്രബന്ധം കേരള സർവകലാശാല പ്രസിദ്ധീകരിക്കും. അവാർഡിനും പ്രസിദ്ധീകരണത്തിനുമുള്ള തുക നൽകുന്നത് ഫൊക്കാനയാണ്. ‘ഫോക്‌ലോർ ഘടകങ്ങൾ നോവലിൽ – എസ്.കെ.പൊറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, കോവിലൻ എന്നിവരുടെ നോവലുകളെ ആസ്പദമാക്കിയുള്ള പഠനം’ എന്ന പ്രബന്ധമാണ് അവാർഡിനർഹമായത്. ഡോ. എം.എസ്. സുചിത്രയാണ് ഗവേഷണത്തിന് മാർഗ്ഗനിർദ്ദേശം നൽകിയത്. കേരള സർവകലാശാലയിൽ നിന്നാണ് പി.എച്ച്.ഡി. ലഭിച്ചത്. സാമൂഹിക പ്രസക്തി, ഗവേഷണരീതീശാസ്ത്രം, അക്കാദമിക പ്രാധാന്യം, ഉള്ളടക്കത്തിന്റെ നിലവാരം, വൈജ്ഞാനിക സംഭാവന എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2015-ൽ പി.എച്ച്.ഡി അവന്നർഡ് ചെയ്ത 14 മലയാളം പി.എച്ച്.ഡി. തീസിസുകൾ പരിശോധിച്ചതിൽ നിന്നാണ് ഡോ.സന്ധ്യ.എ.എസ്-ന്റെ പ്രബന്ധം തെരഞ്ഞെടുത്തത്. മെയ് 23 വൈകുന്നേരം നാല് മണിക്ക് തിരുവനന്തപുരം പ്രസ് ക്ലബിൽ നടക്കുന്ന

യോഗത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവാർഡ് സമ്മാനിക്കും.

## ബി.എ/ ബി.എസ്സി/ ബി.കോം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് 30-ാം തീയതി ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം സി.ബി.സി.എസ് (2010 അഡ്മിഷൻ- മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പരീക്ഷാകേന്ദ്രങ്ങളിലേക്ക് അലോട്ട്ചെയ്തിട്ടുള്ള കോളേജുകളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈടേബിൾ

കേരള സർവകലാശാല നടത്തുന്ന എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന പാർട്ട്ടൈം ബി.ടെക് റീസ്ട്രക്ച്ചേർഡ് ആറാം സെമസ്റ്റർ പരീക്ഷയുടെയും നാലാം സെമസ്റ്റർ പരീക്ഷയുടെയും ടൈടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.ബി.എസ് പ്രാക്ടിക്കൽ, വൈവാ വോസി

കേരള സർവകലാശാലയുടെ മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് രണ്ട് മാർച്ച് 2017 പരീക്ഷയുടെ പ്രാക്ടിക്കലും വൈവാ വോസിയും മെയ് 24 മുതൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി മാത്തമാറ്റിക്സ് വൈവ വോസി

കേരള സർവകലാശാലയുടെ എം.എസ്സി മാത്തമാറ്റിക്സ് നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ വൈവ വോസി പരീക്ഷ ഗണിതശാസ്ത്ര വിഭാഗത്തിൽ വച്ച് മെയ് 30-ന് രാവിലെ 10 മണി മുതൽ നടക്കും.

## എം.എ ഹിന്ദി വൈവ വോസി

കേരള സർവകലാശാല കാര്യവട്ടം ഹിന്ദി വിഭാഗത്തിലെ എം.എ ഹിന്ദി വൈവ വോസി പരീക്ഷ മെയ് 26-ന് രാവിലെ 10 മണിക്ക് ഹിന്ദി പഠന വിഭാഗത്തിൽ വച്ച് നടക്കും. ഫോൺ: 0471-2308649.

## എം.എ/എം.എസ്സി/എം.കോം പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന എം.എ/എം.എസ്സി/എം.കോം 2017 (പ്രീവിയസ് & ഫൈനൽ) സപ്ലിമെന്ററി പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ മെയ് 31 (50 രൂപ പിഴയോടെ ജൂൺ മൂന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ ഏഴ്) വരെ സ്വീകരിക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ മെയ് 23-ന് ആരംഭിക്കും. വിശദമായ ടൈടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
22.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098